www.malankaralibrary.com

# റാറ്റ്സിംഗറുടെ ദൈവശാസ്ത്ര സരണികൾ



റവ. ഡോ. ജോളി കരിമ്പിൽ

ബനഡിക്ട് പതിനാറാമൻ എന്ന പേരിൽ കർദിനാൾ ജോസഫ് റാറ്റ്സിംഗർ പത്രോസിന്റെ സിംഹാസനത്തിൽ ആരൂഢനായപ്പോൾ നമ്മുടെ കാലഘട്ടത്തിലെ ഏറ്റവും പ്രഗല്ഭനായ ഒരു ദൈവശാസ്ത്രജ്ഞനെയാണ് ആഗോള സഭയ്ക്കു മാർപാപ്പയായി ലഭിച്ചത്. കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ സാധാരണക്കാരനും എളിയവനുമായ ജോലിക്കാരനാണു താനെന്നു പ്രഖ്യാപിച്ചുകൊണ്ടാണ് അദ്ദേഹം ഈ സ്ഥാനം ഏറ്റെടുത്തത്. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പിൻഗാമിയായി വന്നതോടെ അദ്ദേഹത്തിന്റെ ദൈവശാസ്ത്ര ദർശനങ്ങൾ സമകാലിക ദൈവശാസ്ത്ര ചർച്ചകളിൽ ഇടംനേടാനും ശ്രദ്ധയാകർഷിക്കാനും തുടങ്ങി.

***പഴയനിയമത്തിന്റെ ക്രിസ്തുകേന്ദ്രീകൃതമായ ഒരു പുനർവായന നടത്തുക എന്ന കാതലായ ആശയമാണ് ആഗസ്തീനോസിൽനിന്നു റാറ്റ്സിംഗർക്കു ലഭിച്ച ഏറ്റവും വലിയ പ്രചോദനം***

റാറ്റ്സിംഗറുടെ ദൈവശാസ്ത്രരചനാ കാലഘട്ടത്തെ പ്രധാനമായും മൂന്നായി തിരിക്കാം.

1. ഗവേഷകനും ദൈവശാസ്ത്ര അധ്യാപകനുമായിരുന്ന കാലം (1953



www.malankaralibrary.com

-1977).

2. അജപാലകനായി മ്യൂണിക്കിലും ഫ്രൈസിംഗിലും ചെലവഴിച്ച കാലവും, വിശ്വാസ തിരുസംഘത്തിന്റെ അധ്യക്ഷനായിരുന്ന കാലവും (1977-2005).

3. മാർപാപ്പ ആയതിനുശേഷമുള്ള കാലം.(2005-2012)

അജപാലനദൗത്യം ഏറ്റെടുത്ത ശേഷമുള്ള അദ്ദേഹത്തിന്റെ രചനകൾ ആദ്യകാല രചനകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. ഈ രണ്ടാംഘട്ട രചനകൾ കൂടുതലും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾക്കു വേണ്ടിയുള്ളവയായിരന്നു. അജപാലകനെന്ന നിലയിൽ ആഗോളതലത്തിൽ വിശ്വാസം നേരിടുന്ന വെല്ലുവിളികൾക്കുള്ള മറുപടികളാണ് അവയിൽ പ്രധാനമായും കാണുന്നത്. ലോകത്തു വളർന്നുവരുന്ന സെക്യുലറിസവും ആപേക്ഷികതാവാദവും സഭയ്ക്കും വിശ്വാസത്തിനും ഉയർത്തുന്ന വെല്ലുവിളികളും അവയ്ക്കുള്ള മറുപടികളുമാണ് ഇക്കാലഘട്ടത്തിലെ രചനകളിൽ പ്രധാനമായും കാണാനാവുന്നത്. ഈ ലേഖനത്തിൽ റാറ്റ്സിംഗറുടെ പ്രധാനപ്പെട്ട ദൈവശാസ്ത്ര കൃതികളെക്കുറിച്ചുള്ള വിശകലനമാണു നടത്തുന്നത്.



## വിശുദ്ധ അഗസ്റ്റിനെപ്പറ്റി

തന്റെ ഗവേഷണ പ്രബന്ധത്തിനായി റാറ്റ്സിംഗർ തെരഞ്ഞെടുത്തതു വിശുദ്ധ ആഗസ്തീനോസിന്റെ സഭാ ദർശനങ്ങളായിരുന്നു: ‘The people and the House of God in Augustine's Doctrine of the Church"(1953). റാറ്റ്സിംഗറുടെ പിന്നീടുള്ള ദൈവശാസ്ത്രദർശനങ്ങളുടെ അടിസ്ഥാനമായി നിലകൊണ്ടത് ഈ പഠനമാണ്. ഐഡൻ നിക്കോൾസിന്റെ അഭിപ്രായത്തിൽ ‘പുറപ്പെടലിന്റെ രണ്ടു ഘട്ടങ്ങൾ‘ (Points of departure) ആഗസ്തീനോസിന്റെ സഭാ പഠനങ്ങളിൽ റാറ്റ്സിംഗർ കണ്ടെത്തുന്നുണ്ട്. ദൈവജനമെന്ന നിലയിൽ സഭയെ മനസിലാക്കാൻ ആഗസ്തീനോസിന്റെ വിശ്വാസമെന്ന ആശയത്തെ കൂടുതൽ അടുത്തറിയണമെന്നും എന്നാൽ അതിലുപരിയായി ദൈവത്തിന്റെ ഭവനമെന്ന നിലയിൽ സഭയെ കൂടുതൽ അറിയാൻ ആഗസ്തീനോസിന്റെ ’സ്നേഹ’മെന്ന ആശയത്തെ അടുത്തറിയണമെന്നും റാറ്റ്സിംഗർ കണ്ടെത്തി.

ആഗസ്തീനോസിന്റെ ദർശനങ്ങളെക്കുറിച്ചുള്ള ആഴമേറിയ പഠനം റാറ്റ്സിംഗറുടെ ജീവിതത്തിലുടനീളം സ്വാധീനം ചെലുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ദാർശനികന്റെ ധാർഷ്ഠ്യത്തെക്കാളുപരി വിശ്വാസത്തിന്റെ എളിമയും ലോകശക്തികളിൽനിന്നു ദൈവനഗരത്തെ സംരക്ഷിക്കാനുള്ള അഭിവാഞ്ഛയും മനുഷ്യവംശത്തിന്റെ ദൈവകൃപയിലുള്ള നിലനില്പുമെല്ലാം ആഗസ്തീനോസിന്റെ ദർശനങ്ങളിലെന്നപോലെ റാറ്റ്സിംഗറിലും തെളിഞ്ഞു കാണാം. പഴയനിയമത്തിന്റെ ക്രിസ്തു കേന്ദ്രീകൃതമായ ഒരു പുനർവായനനടത്തുക എന്ന കാതലായ ആശയമാണ് ആഗസ്തീനോസിൽനിന്നും റാറ്റ്സിംഗർക്കു ലഭിച്ച ഏറ്റവും വലിയ പ്രചോദനം. റാറ്റ്സിംഗറുടെ ദൈവശാസ്ത്രം ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നതു വിശുദ്ധ ഗ്രന്ഥത്തോടാണ്. അതുകൊണ്ടുതന്നെ ആഗസ്തീനോസിനെപ്പോലെ പഴയ നിയമം പുതിയ നിയമത്തിന്റെ വെളിച്ചത്തിൽ വായിക്കാനും ക്രിസ്തു കേന്ദ്രീകൃതമായി വിശകലനം ചെയ്യാനും റാറ്റ്സിംഗർ ശ്രദ്ധിച്ചു. പഴയനിയമത്തിന്റെയും പുതിയ നിയമത്തിന്റെയും തുടർച്ചയും ഐക്യവും റാറ്റ്സിംഗർക്ക് വളരെ പ്രാധാന്യമേറിയ വിഷയമായിരുന്നു. കാലങ്ങളായുള്ള തന്റെ രചനകളിലൂടെ വിശുദ്ധ ഗ്രന്ഥത്തെ സഭയുടെ പാരമ്പര്യങ്ങൾക്കനുസൃതമായി വ്യാപകമായി നിർവചിക്കാനും അതുവഴി ക്രിസ്തുവിനെയും അതുവഴി മനുഷ്യനു കൈവന്ന രക്ഷയെയും ഏറ്റവും പ്രാധാന്യത്തോടെ അവതരിപ്പിക്കാനും അദ്ദേഹം ശ്രമിച്ചു.

## വിശുദ്ധ ബൊനവഞ്ചറിനെപ്പറ്റി

The Theology of History in St. Bonaventure (1957) എന്നു പേരിട്ട ഈ പഠനത്തിൽ ബൊനവഞ്ചറിന്റെ യുഗാന്ത്യ ദർശനങ്ങളെയാണു കൂടുതലായും പ്രതിപാദിക്കുന്നത്. പുതിയ നിയമത്തിന്റെ പ്രധാന ഇതിവൃത്തം യുഗാന്ത്യോന്മുഖതയാണെന്ന ബോധ്യത്തിലേക്കു റാറ്റ്സിംഗർ എത്തുന്നത് ഈ പഠനത്തിലൂടെയാണ്. രക്ഷാകര പദ്ധതിക്കുവേണ്ടി ചരിത്രത്തിന്റെ ഒരു പ്രത്യേക ദശാസന്ധിയിൽ ദൈവം ലോകത്തിലേക്ക് ഇറങ്ങിവന്നതാണു വെളിപ്പെടുത്തൽ എന്ന ബൊനവഞ്ചറിന്റെ വലിയ ദർശനം റാറ്റ്സിംഗറെ ഏറ്റവും ആകർഷിച്ച ഒന്നായിരുന്നു. ഈ വെളിപ്പെടുത്തൽ വിശുദ്ധ ഗ്രന്ഥത്തിൽ പൂർണമായി പ്രതിഫലിക്കുന്നുണ്ടെങ്കിലും എഴുതപ്പെട്ടതിനേക്കാൾ വളരെ മഹത്തായ ഒന്നാണെന്നും ബൊനവഞ്ചർ പറയുന്നു. ഈ വെളിപ്പെടുത്തൽ ചരിത്രത്തിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. ഇതു പ്രധാനമായും നടക്കുന്നത് ഒരു വിശ്വാസി സമൂഹത്തിലൂടെയാണ്. ഈ

www.malankaralibrary.com


വിശ്വാസി സമൂഹമെന്നതു സഭയാണെന്നു റാറ്റ്സിംഗർ പഠിപ്പിക്കുന്നു. അതുകൊണ്ടു തന്നെ വെളിപ്പെടുത്തൽ പകർന്നു കൊടുക്കുന്നതു കേവലം ഒരു വ്യക്തിയല്ലെന്നും പാരമ്പര്യങ്ങളിൽ ഉറച്ചു നിന്നു കൊണ്ടു ജീവിക്കുന്ന വിശ്വാസിസമൂഹമായ സഭയിലൂടെയാണെന്നും അദ്ദേഹം പഠിപ്പിച്ചു.

## ക്രിസ്തീയ സാഹോദര്യം

തന്റെ ഗവേഷണ പഠനങ്ങൾക്കുശേഷം റാറ്റ്സിംഗർ പുറത്തിറക്കിയ ആദ്യ ഗ്രന്ഥമാണ് Christian Brotherhood (1960). രക്ഷാകര ചരിത്രത്തിന്റെ കണ്ണുകളിലൂടെ ക്രിസ്തീയ സാഹോദര്യത്തെ നോക്കിക്കാണുകയാണിവിടെ. സൃഷ്ടികർമത്തിലൂടെ ദൈവം ലോകത്തിന്റെ മുഴുവൻ സ്രഷ്ടാവായതുപോലെ ദൈവം ഇസ്രായേലിനെ സ്വന്തം ജനതയായി തെരഞ്ഞെടുത്തതിലൂടെ അവരുടെ പിതാവുമായി മാറി. ഇസ്രായേൽ ജനത്തിന്റെ ഈ തെരഞ്ഞെടുപ്പ് കേവലമൊരു ഉന്നത പദവി എന്നതിനെക്കാളുപരി സേവനത്തിനുള്ള വിളിയാണ്. ദൈവം ഈ ചെറിയ ജനതയെ വിളിച്ചത് ലോകം മുഴുവന്റെയും രക്ഷയ്ക്കുവേണ്ടിയാണ്. തെരഞ്ഞെടുക്കപ്പെട്ടവർ മറ്റുള്ളവർക്കുവേണ്ടി നിലകൊള്ളണമെന്ന്- താൻ മനുഷ്യർക്കുവേണ്ടിയാണെന്നു വെളിപ്പെടുത്തിക്കൊണ്ടു ക്ഷണിക്കുകയാണു ദൈവം. തന്റെ "The Christian Brotherhood" എന്ന ഗ്രന്ഥത്തിലൂടെ ഈ ദൗത്യം എങ്ങനെ നമുക്ക് നിറവേറ്റാനാകുമെന്ന് അദ്ദേഹം കാണിച്ചു തരുന്നു. മിഷനറി പ്രവർത്തനങ്ങൾ, സ്നേഹവിരുന്ന് (Agape), സഹനം ഇവയിലൂടെയെല്ലാം ക്രിസ്തീയ സാഹോദര്യവും അതുവഴി നമ്മുടെ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യവുമാണു പൂർത്തീകരിക്കപ്പെടുന്നത്. ഈ ഗ്രന്ഥത്തിലെ പ്രധാനദർശനങ്ങൾ അദ്ദേഹത്തിന്റെ പിന്നീടുള്ള കൃതികളിൽ കൂടുതൽ വികസിച്ചു വരുന്നതായി കാണാം.

## വത്തിക്കാൻ കൗൺസിലിൽ

കേവലം 35 വയസുള്ളപ്പോൾ കൊളോണിലെ കർദിനാൾ ഫ്രിങ്സിന്റെ ദൈവശാസ്ത്ര ഉപദേശകനായിട്ടാണ് റാറ്റ്സിംഗർ വത്തിക്കാൻ സൂനഹദോസിൽ പങ്കുചേരുന്നത്. ലോകത്തിലേക്കു കൂടുതൽ തുറക്കപ്പെടാനും ആഴത്തിലുള്ള ക്രിസ്തീയതയുടെ വേരുകൾ കണ്ടെത്താനുമുള്ള കർദിനാൾ ഫ്രിങ്സിന്റെ ആഹ്വാനം റാറ്റ്സിംഗറുടെ സംഭാവനയായിരുന്നു. സൂനഹദോസിന്റെ നാലു ഘട്ടങ്ങളിലും സംബന്ധിച്ച റാറ്റ്സിംഗർ, വളർന്നു വരുന്ന ഒരു ദൈവശാസ്ത്രജ്ഞനായി അന്നേ അറിയപ്പെട്ടു തുടങ്ങിയിരുന്നു. സഭാനവീകരണം, ക്രിസ്തു വിശ്വാസികളുടെ ഐക്യം, ലോകവുമായുള്ള സംവാദം തുടങ്ങിയവ ലക്ഷ്യമാക്കി നടന്ന രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ ഓരോ ഘട്ടത്തിനുശേഷവും അവിടെ നടന്ന ദൈവശാസ്ത്ര സംവാദങ്ങളുടെ വിശകലനം റാറ്റ്സിംഗർ തയാറാക്കിയിരുന്നു. ലോകപ്രശസ്ത ബൈബിൾ പണ്ഡിതനായ സ്കോട്ട് ഹാനിന്റെ അഭിപ്രായത്തിൽ രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രധാനപ്പെട്ട പ്രബോധനരേഖകളിലൊന്നായ 'Dei Verbum' രൂപപ്പെടുത്തുന്നതിൽ റാറ്റ്സിംഗർ വഹിച്ച പങ്ക് വലുതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ സഭയിലുണ്ടായ മൂന്നു പ്രധാനമുന്നേറ്റങ്ങളായിരുന്നു ബൈബിളിലും സഭാപിതാക്കന്മാരുടെ പഠനങ്ങളിലും ആരാധനക്രമത്തിലും അധിഷ്ഠിതമായ നവീകരണങ്ങൾ. ഇവ മൂന്നിന്റെയും സംയോഗം 'Dei Verbum' എന്ന പ്രമാണ രേഖയിൽ വ്യക്തമായി കാണാം. ഈ ദർശനങ്ങൾ റാറ്റ്സിംഗറുടെ ദൈവശാസ്ത്ര സമീപനങ്ങളിലും നിറഞ്ഞു നിൽക്കുന്നു.



വിശുദ്ധ ബൊനവഞ്ചർ

## ക്രൈസ്തവികതയ്ക്ക് ഒരാമുഖം

റാറ്റ്സിംഗറുടെ ഇതിഹാസ സമാനമായ കൃതി എന്ന വിശേഷണമാണ് Introduction to Christianity എന്ന ഈ ഗ്രന്ഥത്തിനുള്ളത്. അപ്പസ്തോലന്മാരുടെ വിശ്വാസ പ്രമാണത്തിലെ 12 ഭാഗങ്ങളുടെ നിയതമായ, ആഴത്തിലുള്ള വ്യാഖ്യാനമാണ് ഈ ഗ്രന്ഥത്തിൽ കാണുന്നത്. വിശ്വാസത്തെ എതിർക്കുന്നവർക്കുള്ള ഉത്തരം നൽകുന്നതോടൊപ്പം തന്നെ, ദൈവികമായ സത്തയെ പാടേ നിരാകരിച്ചുകൊണ്ടു ക്രിസ്തുവിനെവെറും 'ജ്ഞാനി'യായി മാത്രം ചിത്രീകരിക്കാനുള്ള ശ്രമങ്ങളെയും അദ്ദേഹം എതിർക്കുന്നു. വിശ്വാസമെന്നത് നമുക്ക് സ്വന്തമായി വളർത്തിയെടുക്കാവുന്ന ഒന്നല്ല, മറിച്ച് ദൈവത്തിൽനിന്നു ദാനമായി നാം സ്വീകരിക്കുന്നതാണ്. അങ്ങനെദൈവത്തെ പൂർണമായി സ്വീകരിക്കലും ദൈവത്തിനുവേണ്ടിയുള്ള പൂർണമായ വിട്ടുകൊടുക്കലുമാണ്. അതുകൊണ്ടു തന്നെ ഈ ഗ്രന്ഥത്തിന്റെ ദർശനങ്ങളെല്ലാം തന്നെ ചിട്ടപ്പെടുത്തിയിരിക്കുന്നതു വിശ്വാസ പ്രഖ്യാപനമെന്ന ഒരു രീതിയിലാണ്; 'എന്റെയും ഈ ലോകത്തി

www.malankaralibrary.com

ന്റെയും പൊരുളായ, നസ്രയനായ യേശുവേ, ഞാൻ അങ്ങിൽ വിശ്വസിക്കുന്നു'.

അപ്പസ്തോല വിശ്വാസപ്രമാണത്തിന്റെ ആദ്യവാചകങ്ങൾ: 'സർവശക്തനും പിതാവുമായ ദൈവത്തിൽ....' പുറപ്പാടിന്റെ മൂന്നാം അധ്യായത്തിൽ കാണുന്ന ഇസ്രായേലിന്റെ വിശ്വാസത്തോട് ഇത് വളരെ അടുത്തു നിൽക്കുന്നു. അങ്ങനെക്രിസ്തീയ വിശ്വാസമെന്നത് ഇസ്രായേലിന്റെ വിശ്വാസത്തിന്റെ പിന്തുടർച്ചയായി വരുന്നു. പഴയനിയമകാലത്തു നാം കാണുന്നതു സർവശക്തനായ ദൈവത്തെയാണ്. എന്നാൽ, ക്രിസ്തീയതയിൽ ദൈവം സ്നേഹത്തിന്റെ പ്രതിരൂപമാണ്. അതാണു പിതാവ് എന്ന പ്രയോഗത്തിലൂടെ തെളിയുന്നത്. 'സർവശക്തനും പിതാവുമായ ദൈവത്തിൽ...' എന്ന പ്രയോഗം തന്നെ ദൈവം സർവശക്തനും അതോടൊപ്പം പൂർണസ്നേഹവുമാണെന്നു കാണിച്ചു തരുന്നു.

ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗത്തു പ്രധാനമായും ക്രിസ്തു ദർശനങ്ങളാണ് അദ്ദേഹം അവതരിപ്പിച്ചിരിക്കുന്നത്. യേശുവിന്റെ വ്യക്തിത്വവും ദൗത്യവും വേർതിരിക്കാനാകാത്ത ഘടകങ്ങളാണെന്ന് അദ്ദേഹം വിലയിരുത്തുന്നു. ക്രിസ്തു എന്ന വ്യക്തി ആരാണെന്ന പഠനത്തിലൂടെ അവൻ നമുക്കുവേണ്ടി പ്രവർത്തിച്ചതെന്തെന്നു വിശദീകരിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ക്രിസ്തു ആരാണെന്നും നമ്മെ രക്ഷിക്കാനായി അവൻ ചെയ്തത് എന്താണെന്നും നാം മനസിലാക്കുന്നതു ത്രിയേക ദൈവത്തിന്റെ പശ്ചാത്തലത്തിലാണ്. പുത്രനായ യേശു പിതാവിനോടൊപ്പം സ്ഥിതി ചെയ്യുന്നവനാണ്. തനിക്കുള്ളതെല്ലാം യേശു പിതാവിൽനിന്നു സ്വീകരിച്ചതാണ്. മാനവരക്ഷയ്ക്കുവേണ്ടി പിതാവിനാൽ അയയ്ക്കപ്പെട്ടവനാണ് അവിടുന്ന്. യേശു നിലനിനിൽക്കുന്നതു പിതാവിനുവേണ്ടിയാണ്. പിതാവിനെക്കൂടാതെ യേശുവിന് ഒന്നും പ്രവർത്തിക്കാനാവില്ല. പിതാവിന്റെ ഇഷ്ടം നിറവേറ്റാനാണ് അവിടുന്നു ലോകത്തിലേക്കു വന്നത്.

യേശുവിലൂടെ ദൈവം മനുഷ്യകുലത്തിനു മുൻകൈയെടുത്തു നൽകിയ ദാനമാണു രക്ഷ. ക്രിസ്തുവിന്റെ കുരിശുമരണം വെറുമൊരു പരിഹാര ബലിയായി മാത്രം കാണുന്നതു ദൈവം മനുഷ്യകുലത്തിനു നല്കിയ രക്ഷയെ പൂർണമായ അർഥത്തിൽ മനസിലാക്കാത്തതുകൊണ്ടാണ്. അതുകൊണ്ടു തന്നെ ദൈവകോപം ശമിപ്പിക്കാനുള്ള മനുഷ്യന്റെ ദാനമെന്നതിനെക്കാളുപരി മനുഷ്യനോടുള്ള സ്നേഹത്തെപ്രതി സ്വയം ശൂന്യവത്കരിച്ചുകൊണ്ടു മിശിഹാ തന്റെ അനന്തമായ സ്നേഹം പ്രകടിപ്പിച്ച വേദിയാണു കുരിശ്. ഇത് പരിധികളില്ലാത്ത ദൈവസ്നേഹത്തിന്റെ പ്രതീകമാണ്. അത് ഉന്നതങ്ങളിൽനിന്നു നമ്മുടെ പക്കലേക്കുള്ള ഇറങ്ങിവരവാണ്. 'ദൈവം ക്രിസ്തുവഴി ലോകത്തെ തന്നോടു രമ്യതപ്പെടുത്തുകയായിരുന്നു' (2 കോറി. 5:19). ദൈവസ്നേഹത്തിന്റെ കണ്ണുകളിലൂടെ വീക്ഷിക്കുമ്പോൾ കുരിശുമരണം കോപത്തിലായിരുന്ന ദൈവം ആവശ്യപ്പെട്ട ബലിയെക്കാളുപരി, തന്റെ ഏകജാതനെനൽകാൻ തക്കവിധം ലോകത്തെ സ്നേഹിച്ച ദൈവത്തിന്റെ പ്രവൃത്തിയാണ്. സ്നേഹത്തിലുള്ള മഹത്തായ ശൂന്യവത്കരണമാണു കുരിശിൽ സംഭവിച്ചത്. ഇവിടെ തന്റെ പുത്രനെലോകത്തിനു നല്കിയ ദൈവസ്നേഹവും അതിനു പുത്രൻ നല്കിയ വ്യവസ്ഥകളില്ലാത്ത മറുപടിയുമാണു നാം കാണുന്നത്. മരണത്തിനു സ്വയം വിട്ടുകൊടുത്തപ്പോഴും ഉയിർപ്പിലൂടെ ദൈവസ്നേഹം മരണമെന്ന യാഥാർഥ്യത്തിനും മേലെയാണ് എന്നു ക്രിസ്തു കാണിച്ചു തരുന്നു. ഈ ഉയിർപ്പിലാണ് ഓരോ ക്രിസ്ത്യാനിയുടെയും വിശ്വാസത്തിന്റെ അടിത്തറ നിലനില്ക്കുന്നത്.

## യുഗാന്ത്യദർശനം

എസ്കറ്റോളജി: മരണവും നിത്യജീവനും (1977) എന്നത് റാറ്റ്സിംഗറുടെ ഏറ്റവും പൂർണമായ ഗ്രന്ഥമാണെന്ന് അദ്ദേഹം തന്നെ Milestones: Memoirs 1927-1977 എന്ന തന്റെ ആത്മകഥയിൽ സാക്ഷ്യപ്പെടുത്തുന്നു. ഈ ഗ്രന്ഥത്തിൽ മനുഷ്യൻ തന്റെ അവസാനഘട്ടത്തിൽ നേരിടേണ്ടിവരുന്ന മരണം, ന്യായവിധി, സ്വർഗവും നരകവും, ആത്മാവിന്റെ നിത്യത, മരിച്ചവരുടെ ഉയിർപ്പ്, ശുദ്ധീകരണ സ്ഥലം എന്നിവയെക്കുറിച്ചു പ്രതിപാദിക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിൽ കത്തോലിക്കാ, പ്രൊട്ടസ്റ്റന്റ് ദൈവശാസ്ത്രജ്ഞർക്കിടയിൽ നടന്ന പ്രധാന ചർച്ചാവിഷയങ്ങളിലൊന്ന് മരണവും മരണാനന്തര ജീവിതവുമായിരുന്നു. ഈ സംവാദം എത്തിനിൽക്കുന്നതു പ്രത്യാശ എന്ന ദൈവിക പുണ്യത്തിലേക്കാണ്. റാറ്റ്സിംഗറുടെ അഭിപ്രായത്തിൽ മരണമെന്നത് ദൈവവുമായുള്ള ബന്ധം വിഛേദിക്കലാണ്. അങ്ങനെനോക്കുമ്പോൾ ജീവൻ എന്നത് ദൈവവുമായുള്ള ബന്ധവും ഐക്യവുമാണ്. ദൈവത്തിൽനിന്നും അവന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തിൽനിന്നും അകലുന്നതിനാലാണ് മരണത്തെ പഴയനിയമത്തിൽ തിന്മയായി ചിത്രീകരിച്ചിരിക്കുന്നത്. എങ്കിലും ഏശയ്യാ 52,53 അധ്യായങ്ങളിൽ വിവരിക്കുന്ന 'അപരനുവേണ്ടിയുള്ള സഹനം' സഹനത്തിന്റെ തികച്ചും ഉദാത്തമായ ഒരാശയമാണ് പ്രതിഫലിപ്പിക്കുന്നത്. അതായത് സത്യത്തിനും നീതിക്കുംവേണ്ടിയും മറ്റുള്ളവർക്കു വേണ്ടിയുമുള്ള സഹനം മരണ


വിശുദ്ധ ആഗസ്തീനോസ്

www.malankaralibrary.com

ത്തെക്കാൾ ശക്തിയുറ്റതാണ്. പതിനാറും 73 ഉം സങ്കീർത്തനം മരണാനന്തരമുള്ള അർഥപൂർണമായ ജീവിതത്തെക്കുറിച്ചു സൂചനനൽകുന്നു. റാറ്റ്സിംഗറെ സംബന്ധിച്ചിടത്തോളം പഴയനിയമം അവതരിപ്പിക്കുന്ന മരണത്തെക്കുറിച്ചുള്ള അടിസ്ഥാനആശയം, ദൈവവുമായുള്ള ഐക്യം മരണത്തെ തോല്പിക്കുന്ന ജീവനാണ് എന്നതാണ്.

പുതിയ നിയമത്തിൽ മരണത്തിന്റെ ആശയം പഴയ നിയമത്തിന്റെ തുടർച്ചയായിട്ടാണു റാറ്റ്സിംഗർ കാണുന്നത്. ഏശയ്യാ 53ാം അധ്യായത്തിൽ പ്രതിപാദിക്കുന്ന 'അപരനുവേണ്ടിയുള്ള സഹനം' യേശുവിലാണു പൂർത്തീകരിക്കപ്പെട്ടത്. സത്യത്തിനു തന്റെ അസ്തിത്വത്തേക്കാൾ വില നല്കി പിതാവായ ദൈവത്തിന്റെ പദ്ധതിക്കു പൂർണമായി വഴങ്ങിക്കൊണ്ടു മനുഷ്യവർഗത്തിനു മുഴുവനുംവേണ്ടി അവൻ മരണം ഏറ്റെടുത്തു. അങ്ങനെമരണത്തെ അവൻ രൂപാന്തരപ്പെടുത്തി. മരണം അതിന്റെ സത്തയിൽ ദൈവവുമായുള്ള ബന്ധവിച്ഛേദനമാണെങ്കിൽ രക്ഷയുടെ സത്ത എന്നതു മരണത്തിൽനിന്നുള്ള ഉയിർപ്പും തുടർന്നു ദൈവവുമായുള്ള ഐക്യവുമാണ്. മരണം അഥവാ ദൈവവുമായുള്ള ബന്ധവിച്ഛേദനം ഒഴിച്ചുകൂടാനാകാത്ത മാനുഷിക അവസ്ഥയിലേക്കാണു യേശു ഇറങ്ങിവന്നത്. ദൈവഹിതത്തിനു പൂർണമായി വഴങ്ങിക്കൊണ്ട് ദൈവസ്നേഹത്തോട് മുഴുവനായി വിശ്വസ്തനായിക്കൊണ്ട് യേശു മരണത്തെ സ്വീകരിച്ചു. അങ്ങനെമരണത്തെ മനുഷ്യന്റെ ദൈവവുമായുള്ള ഒത്തുചേരലിന്റെ പ്രധാനവേദിയായി അവൻ രൂപാന്തരപ്പെടുത്തി. അങ്ങനെമരണത്തിന് അതിന്റെ 'മുള്ള്' നഷ്ടമായി. തന്റെ കുരിശിലെ മരണത്തോടെ ദൈവവുമായുള്ള ബന്ധവിച്ഛേദനം എന്ന മരണത്തിന്റെ സത്തയെ പൂർണമായി രൂപാന്തരപ്പെടുത്തിക്കൊണ്ട് സ്നേഹപൂർണമായ അനുസരണത്തിലൂടെ ജീവൻ പകരാൻ പിതാവായ ദൈവത്തിന്റെ കൈകളിലേക്ക് മുഴുവനായി വിട്ടുകൊടുക്കുന്ന ഒന്നാക്കി മരണത്തെ മാറ്റിയെടുത്തു.

റാറ്റ്സിംഗറുടെ വീക്ഷണത്തിൽ മരണമെന്ന പ്രതിഭാസത്തിനു മൂന്നു തലങ്ങളുണ്ട്. ജീവനുണ്ടെങ്കിലും ദൈവത്തിലേക്കും മറ്റുള്ളവരിലേക്കും തുറക്കപ്പെടാതെ നിൽക്കുന്ന മരണകരമായ അവസ്ഥയാണ് ഒന്നാമത്തേത്. രണ്ടാമത്തേതു രോഗം കൊണ്ടും ശാരീരിക ജീർണതകൊണ്ടും സംഭവിക്കുന്ന ഭൗതിക മരണം. മൂന്നാമത്തേത് അപരന്റെ നന്മയെക്കരുതി സത്യത്തിനും നീതിക്കുംവേണ്ടി സ്വയം സമർപ്പിക്കുന്നതാണ്. സ്നേഹത്തിന്റെ അപാരമായ പ്രതിഫലനമാണ് ഇവിടെ നടക്കുന്നത്.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ മനുഷ്യന്റെ അറിവിന് അപ്പുറത്താണെങ്കിലും ഒരു ക്രിസ്തുവിശ്വാസിയെ സംബന്ധിച്ചിടത്തോളം ദൈവവുമായുള്ള ഐക്യം മരണത്തെ ജയിപ്പിക്കുന്ന ഒന്നാണ്. ദൈവത്തോടും മറ്റുള്ളവരോടും സ്നേഹത്തിലും ഐക്യത്തിലും സഹവസിക്കുമ്പോൾ മാത്രമേ തന്റെ അസ്തിത്വത്തിന്റെ ലക്ഷ്യമായ ദൈവവുമായുള്ള പൂർണമായ ഐക്യത്തിലേക്ക് മനുഷ്യന് എത്താനാകൂ. ക്രിസ്തു വിശ്വാസത്തിന്റെ സത്ത എന്നതു ജീവിക്കുന്നവരുടെ ദൈവത്തിലുള്ള വിശ്വാസമാണ്. അതുകൊണ്ടു തന്നെ തന്നിൽ വിശ്വസിക്കുന്നവർക്കു ജീവനെഅതിന്റെ പൂർണതയിൽ അവൻ നല്കും. ഈയൊരു പശ്ചാത്തലത്തിൽനിന്നു വീക്ഷിക്കുമ്പോൾ ക്രിസ്തു വിശ്വാസിയെ സംബന്ധിച്ചിടത്തോളം മരണമെന്നത് എല്ലാവിധ ചിന്തകളിൽനിന്നു നിരന്തരമുള്ള പുറത്തു കടക്കലും ക്രിസ്തുവിന്റെ മരണത്തിൽ പങ്കുചേരലുമാണ്. അങ്ങനെക്രിസ്തുവിൽ മരിക്കുന്നതോടെ അവനിലൂടെയും അവൻ വഴിയും പൂർണമായ ജീവൻ നേടി നാം ദൈവമക്കളായി തീരും.

മഹാനായ ഒരു ദൈവശാസ്ത്രജ്ഞൻ എന്ന നിലയിൽ ജോസഫ് റാറ്റ്സിംഗർ നടത്തിയ സംഭാവനകളെക്കുറിച്ചുള്ള ലഘുവായ വിശകലനമാണ് ഇവിടെ. സജീവമായ കത്തോലിക്കാ പാരമ്പര്യത്തോടും അതിപുരാതനവും എന്നാൽ, നിത്യനൂതനവുമായ കത്തോലിക്കാ വിശ്വാസത്തോടുമുള്ള തന്റെ ആഴമായ പ്രതിബദ്ധത അദ്ദേഹത്തിന്റെ ദർശനങ്ങളിലും കൃതികളിലും ഉടനീളം കാണാനാകും. വിശ്വാസത്തിൽ അന്തർലീനമായിരിക്കുന്ന യുക്തിയെ കണ്ടെത്തി വിശ്വാസത്തെ കാലാനുസൃതമായി നിർവചിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. ദൈവിക പദ്ധതിയെ കാലാനുസൃതമായി വ്യാഖ്യാനിച്ചു കൊടുക്കാനുള്ള ദൗത്യത്തിൽ വിശുദ്ധ ആഗസ്തീനോസും വിശുദ്ധ ബൊനവഞ്ചറും അദ്ദേഹത്തിന് വഴികാട്ടികളായി നിന്നു. തന്മൂലം അപൂർവം ചില സന്ദർഭങ്ങളിലൊഴികെ അവരുടെ ദർശനങ്ങളുടെ ഒരു തുടർച്ച റാറ്റ്സിംഗറുടെ ദൈവശാസ്ത്ര ദർശനങ്ങളിൽ നിറഞ്ഞു നിൽക്കുന്നു.

മഹാനായ ഒരു ദൈവശാസ്ത്രജ്ഞനും സഭാതലവനുമെന്ന നിലയിൽ സഭയും ലോകവും വളരെ നിർണായക പ്രതിസന്ധികളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുന്ന ഒരു പ്രത്യേക കാലഘട്ടത്തിൽ ശക്തമായ പ്രബോധനങ്ങളിലൂടെ, നേതൃത്വത്തിലൂടെ സഭയെ ലോകത്തിന്റെ പ്രകാശ ഗോപുരമായി അദ്ദേഹം ഉയർത്തി നിർത്തി. തന്റെ പ്രബോധനങ്ങളുടെ സത്ത സ്വന്തം ജീവിതത്തിലും പകർത്തിക്കൊണ്ടു മഹനീയമായ ഒരു മാതൃക അദ്ദേഹം കാണിച്ചിരിക്കുന്നു. കാലത്തിനു മായ്ക്കാനാകാത്ത മഹനീയ മാതൃക. വിശ്വാസം നേരിട്ട വെല്ലുവിളികൾക്കു യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നിർഭയം മറുപടി കൊടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. കാലങ്ങളേറെക്കഴിഞ്ഞാലും വിശ്വാസം വെല്ലുവിളി നേരിടുമ്പോൾ ബനഡിക്ട് പതിനാറാമൻ മാർപാപ്പയുടെ ജീവിതവും ദർശനങ്ങളും സഭയ്ക്കു താങ്ങും തണലുമായി നിലനില്ക്കുമെന്നു നമുക്കു പ്രത്യാശിക്കാം.

*ജോസഫ് റാറ്റ്സിംഗറുടെ ദൈവശാസ്ത്ര ദർശനത്തിൽ ഡോക്ടറേറ്റ് നേടിയ വ്യക്തിയാണു ലേഖകൻ.*




**മനുഷ്യൻ**

ഈ ചെറിയ കാലയളവിൽ സമാധാനത്തിന്റെ ഒരു മനുഷ്യനാകാൻ സാധിക്കുമെന്നാണു ഞാൻ പ്രതീക്ഷിക്കുന്നത്.

**റോക്ക് സംഗീതം**

റോക്ക് സംഗീതം അധമവികാരങ്ങളുടെ പ്രകടനം മാത്രമാണ്, റോക്ക് ആഘോഷങ്ങളിൽ അത് ആരാധനയുടെ രൂപത്തിൽ ഒരു മതവിശ്വാസത്തിന്റെ സ്വഭാവം സ്വീകരിക്കും. അതു സത്യത്തിൽ ക്രിസ്തീയ ആരാധനയ്ക്കു വിരുദ്ധമായിരിക്കും.

**വിശുദ്ധി**

പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ യുവജനങ്ങൾക്ക് വിശുദ്ധരാകാനുള്ള ധൈര്യം ലഭിക്കട്ടെ. ഇതാണു ലോകം മറ്റെന്തിനേക്കാളും ആഗ്രഹിക്കുന്നത്.